ഇ എം എസ്സും കോപ്പും ഒന്നാം ഭാഗം ഇവിടെ വായിക്കുക. ഇ എം എസ് നമ്പൂതിരിപ്പാടിനെതിരായ സൈദ്ധാന്തികമോ അല്ലാത്തതോ ആയ വിമർശനമല്ല ഈ കുറിപ്പുകളുടെ ഉദ്ദേശ്യമെന്ന് നേരത്തേ പറഞ്ഞു. നമ്പൂതിരിപ്പാട് മാർക്സിസത്തിലും അല്ലാത്ത വിഷയങ്ങളിലും നിരക്ഷരനാണെന്നും പുസ്തകം വായിച്ചാൽ അദ്ദേഹത്തിനു മനസ്സിലാവില്ലെന്നും എഴുതാനറിയില്ലെന്നും വിവരക്കേടുകൾ ദശകങ്ങളോളം ആവർത്തിച്ചു വിളമ്പിയെന്നും വ്യക്തമാക്കുക, എന്നു വെച്ചാൽ പച്ചയ്ക്കു പറയുക- ഇതാണ് ഉദ്ദേശ്യം. കള്ളിവെളിച്ചത്താക്കുക. ഇംഗ്ലീഷിൽ Debunking എന്നു പറയുന്ന ഏർപ്പാട്. വിവരക്കേടുകളുടെ ഈ ഉപാസകൻ വാഴ്ത്തപ്പെട്ടതുപോലെ മറ്റൊരു വ്യക്തിത്വം കേരളത്തിൽ വാഴ്ത്തത്തപ്പെട്ടുകാണില്ല. ഇദ്ദേഹത്തിന്റെ ചരിത്രപാണ്ഡിത്യത്തെയും (പാണ്ഡിത്യമില്ലായ്മയെയും) വാഴ്ത്തുന്നവരിൽ ഐജാസ് അഹമ്മദും രാജൻ ഗുരുക്കളും കെ എൻ പണിക്കരുമുണ്ട്. പുസ്തകം വായിക്കാതെയാണ് എഴുതിയിരുന്നതെന്നതുപോലും ഇദ്ദേഹത്തിന്റെ കാര്യത്തിൽ പലരുടെയും കണ്ണിൽ മികവാണ്. യുക്തിയോടെ ഒരു ഖണ്ഡിക തികച്ചെഴുതാൻ കഴിവില്ലാത്ത ഇദ്ദേഹത്തെ ശൈലീവല്ലഭനായി വാഴ്ത്തുന്നവരിൽ സി ജെ തോമസ്, ഓ എൻ വി കുറുപ്പ്, സുകുമാർ അഴീക്കോട് എന്നിവരുണ്ട്. ഇദ്ദേഹത്തിന്റെ ചരിത്രജ്ഞാനം, ശൈലീവിലാസം എന്നിവയെപ്പറ്റി വെവ്വേറെ കുറിപ്പുകളിൽ പിന്നീടു പറയും. മാക്സിം ഗോർക്കിയുടെ ഒന്നോ രണ്ടോ ലേഖനം വായിച്ച് മാർക്സിസ്റ്റ് സ ൌന്ദര്യശാസ്ത്രത്തിൽ തനിക്കുള്ള പരിമിതികൾ മറികടന്നു ധീരമായി സാഹിത്യലോകത്ത് ഇടപെട്ട് ഗ്രന്ഥങ്ങൾ രചിച്ച് സാഹിത്യസൈദ്ധാന്തികനും സാഹിത്യവിമർശകനുമായി ഖ്യാതി നേടിയ ഇ എം എസിനെപ്പറ്റിയാണ് ഈ കുറിപ്പ്. )

ഇ എം എസ് സിദ്ധാന്തവേല തുടങ്ങിയ കാലം മുതൽതന്നെ സാഹിത്യ സംബന്ധിയായ വിഷയങ്ങളെപ്പറ്റിയും എഴുതിത്തുടങ്ങിയെന്നു തോന്നുന്നു. കേരളത്തിലെ സിദ്ധാന്തവ്യാപാരത്തിൽ പ്രചാരം നേടിയ ജീവൽസാഹിത്യം, കല കലയ്ക്കുവേണ്ടിയോ സമൂഹത്തിനുവേണ്ടിയോ, സോദ്ദേശ്യസാഹിത്യം, പുരോഗമന സാഹിത്യം (പു ക സ യും) തുടങ്ങിയ വിഷയങ്ങളിലൊക്കെ കശപിശകൂടാൻ ഒരു പക്ഷത്ത് ഇ എം എസ് ഉണ്ടായിരുന്നല്ലോ. സാഹിത്യത്തെപ്പറ്റിയുള്ള മാർക്സിസ്റ്റ് വീക്ഷണത്തിൽ തനിക്ക് ഒരു ഘട്ടംവരെയുണ്ടായിരുന്ന പരിമിതി പറഞ്ഞുകൊണ്ട് അതിനു പരിഹാരമായതെങ്ങനെയെന്ന് ഇ എം എസ് വിവരിക്കുന്നു.

രൂപഭദ്രതാവാദം അലയടിച്ചുയർന്ന കാലത്ത് തൊഴിലാളി വർഗ്ഗത്തിന്റെ നിലപാടുവെച്ച് സാഹിത്യകൃതികളെ നിരൂപണംചെയ്യേണ്ടതെങ്ങനെയെന്ന കാര്യത്തിൽ തികച്ചും അപൂർണ്ണമായ ധാരണകളാണ് എനിക്കുണ്ടായിരുന്നത്. മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവരുടെ കൃതികൾ സാമാന്യം നന്നായി പഠിക്കാൻ ഞാൻ ശ്രമിച്ചിരുന്നുവെങ്കിലും വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭ ൌതികവാദം കലാസാഹിത്യാദികളുടെ മേഖലയെ എങ്ങനെ സ്പർശിക്കുമെന്ന് എനിക്കന്ന് കാണാൻ കഴിഞ്ഞിട്ടില്ല. മുണ്ടശ്ശേരി മാസ്റ്ററുടേതടക്കം കമ്യൂണിസ്റ്റിതര സാഹിത്യകാരന്മാരുടെ ഖണ്ഡനപരമായ ലേഖനങ്ങൾക്കും പ്രബന്ധങ്ങൾക്കും ഖണ്ഡനപരമായി ഞാൻ നല്കിയ മറുപടിയിൽ ഈ ദ ൌർബല്യം കാണാം.

ഈ കുറവ് പരിഹരിക്കാൻ എന്നെ സഹായിച്ചത് വർഷങ്ങൾക്കുശേഷം എനിക്കു പഠിക്കാൻ കഴിഞ്ഞ മാക്സിം ഗോർക്കിയുടെ ഒന്നു രണ്ടു പ്രശസ്ത ലേഖനങ്ങളാണ്. പ്രശസ്ത സാഹിത്യകാരനും *ഉറച്ച മാർക്സിസ്റ്റ് ദാർശനികനുമായിരുന്ന* അദ്ദേഹം സാഹിത്യത്തിന്റെ വളർച്ചയെ സമൂഹത്തിന്റെ വളർച്ചയോടു ബന്ധപ്പെടുത്തിക്കൊണ്ടു പറഞ്ഞു. (1988-ലെ മുണ്ടശ്ശേരി സ്മാരക പ്രഭാഷണം, തിരഞ്ഞെടുത്ത പ്രസംഗങ്ങൾ 181) (ഊന്നൽ എന്റേത്)

തന്റെ കണ്ണിൽ ഉറച്ച മാർക്സിസ്റ്റ് ദാർശനികനായ മാക്സിം ഗോർക്കി പറഞ്ഞതായി ഇ എം എസ് മനസ്സിലാക്കിയ കാര്യങ്ങൾ അദ്ദേഹം നൂറ്റൊന്നാവർത്തിച്ചു എന്നു പറഞ്ഞാൽ അത് ന്യൂനോക്തിയേ ആവൂ. തെരഞ്ഞെടുത്ത പ്രബന്ധങ്ങളിൽ സാഹിത്യത്തെപ്പറ്റി പൊതുവിൽ പറയുന്ന എല്ലാ ലേഖനങ്ങളിലും ഗോർക്കിയിൽനിന്നു കിട്ടിയ പാഠം വിസ്തരിക്കുന്നുണ്ട് ഇദ്ദേഹം. തിരഞ്ഞെടുത്ത പ്രസംഗങ്ങളിലും ഗോർക്കി വേണ്ടത്ര വരുന്നുണ്ട് . സാഹിത്യസംബന്ധിമായ മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ അദ്ദേഹത്തിനുള്ള ദ ൌർബല്യം രണ്ടു ലേഖനങ്ങൾ കൊണ്ടു പരിഹരിച്ച ഗോർക്കിയെക്കുറിച്ച് അദ്ദേഹത്തിനു വാചാലനാവാതെ വയ്യ.

മേൽക്കൊടുത്ത ഉദ്ധരണിയിലുള്ള പുസ്തകത്തിന് ശ്രദ്ധേയമായ ഒരു പേരാണുള്ളത്. 'വ്യക്തിത്വത്തിന്റെ ശിഥിലീകരണം.' ഇന്ത്യയിലെ എല്ലാ ഭാഷകളിലെയും മാർക്സിസ്റ്റുകാരോട് എനിക്കു വിനീതമായ ഒരു അഭ്യർത്ഥനയുണ്ട്. ഈ അനർഘമായ കൃതി തങ്ങളുടെ ഭാഷകളിലേക്ക് തർജമ ചെയ്യണം. വളർന്നു വരുന്ന മാർക്സിസ്റ്റ് സാഹിത്യകാരന്മാരുടെയും വിമർശകന്മാരുടെയും തലമുറയ്ക്കും സാംസ്കാരികജീവിതത്തിന്റെ എല്ലാ വശങ്ങളിലും അതീവ താത്പര്യമുള്ള സാമാന്യവായനക്കാർക്കും, ഒരു വശത്ത് മാർക്സിസ്റ്റ് ലോക വീക്ഷണവും മറുവശത്ത് എല്ലാ കലാരൂപങ്ങളുടെയും സർഗ്ഗാത്മക രചനയും വിമർശനാത്മക ആസ്വാദനവും തമ്മിലുള്ള ബന്ധത്തെപ്പറ്റി മനസ്സിലാക്കുവാൻ ഇതുപകരിക്കും. (മാർക്സിസവും സ ൌന്ദര്യശാസ്ത്രവും, 1981- ലെ പ്രസംഗം, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, 196)

ഇപ്പറഞ്ഞത് സരളമല്ലേ? ഗഹനമല്ലേ? പിന്നെയെന്തൊക്കെയല്ല!

തുടർന്ന് ആറു താളുകളിലായാണ് ഗോർക്കിയെന്ന മാർക്സിസ്റ്റ് ദാർശനികന്റെ ദർശനം ഇ എം എസ് വിവരിക്കുന്നത്. ഇവിടെ എഴുതിച്ചേർക്കാൻ വയ്യ എന്നതിനാൽ പേജുകൾ സ്കേൻ ചെയ്തു ചേർക്കുന്നു. അവ താഴെക്കാണാം.

1972-ൽ പ്രസിദ്ധീകൃതമായ ഒരു അഭിമുഖം *മാർക്സിസവും കലാസാഹിത്യപ്രശ്നങ്ങളും* എന്ന പേരിൽ പ്രബന്ധങ്ങളിൽ (108-118) കാണുന്നു. അതിലും വ്യക്തിത്വത്തിന്റെ ശിഥിലീകരണത്തിൽനിന്നുള്ള നെടുങ്കൻ ഉദ്ധരണിയുണ്ട്.

*പ്രതിഭ, സമൂഹം, വർഗ്ഗബന്ധങ്ങൾ* എന്ന പേരിൽ പ്രബന്ധങ്ങളിലുള്ള ലേഖനത്തിൽ (311-315) "മാർക്സിസ്റ്റ് സിദ്ധാന്തം സ്വാംശീകരിച്ച അസാമാന്യമായ സാഹിത്യ പ്രതിഭയുടെ ഉടമയായ മാക്സിം ഗോർക്കി"യെ മൂന്നു പേജോളം വ്യാഖ്യാനിക്കുകയോ ഉദ്ധരിക്കുകയോ (ഏതെന്നു വ്യക്തമല്ല) ചെയ്യുന്നു. പേരു പറയുന്നില്ലെങ്കിലും *വ്യക്തിത്വത്തിന്റെ ശിഥിലീകരണം* തന്നെയാണ് ഉറവിടം എന്ന് അക്കമിട്ടുകൊടുത്ത പോയിന്റുകളിൽനിന്നു മനസ്സിലാക്കാം. (വർഷം കൊടുത്തിട്ടില്ലാത്ത ഈ ലേഖനം 90കളിലെഴുതിയതാവണം, സമാഹാരത്തിലെ അതിന്റെ സ്ഥാനം വെച്ചു നോക്കുമ്പോൾ.)

വീണ്ടും *സാഹിത്യകാരന്റെ പ്രതിഭയും സമൂഹവും* എന്ന പേരിൽ പ്രബന്ധങ്ങളിലുള്ള (269-282) ചെറുകാട് അനുസ്മരണ പ്രഭാഷണത്തിൽ മൂന്നുപേജിൽ ഗോർക്കിസിദ്ധാന്തം അക്കമിട്ടു നിരത്തിയിട്ടുണ്ട്. മലയാള നിരൂപണത്തിൽ മാർക്സിസത്തിന്റെ സ്വാധീനം എന്ന പേരിൽ പ്രബന്ധങ്ങളിൽ (203-226) കാണുന്ന ലേഖനത്തിലുമുണ്ട് വീണ്ടും ഇതേ കാര്യങ്ങൾ അക്കമിട്ട് രണ്ടു പേജോളം. ഒരു വിധം എല്ലായിടത്തും "പരുക്കൻ കല്ലുകൾ രാകിമുറിച്ച് ഒന്നാന്തരം രത്നമാക്കാൻ കഴിവുള്ള ശില്പികളോടു സാഹിത്യകാരന്മാരെ ഉപമിക്കുന്നുമുണ്ട്". ചുരുക്കത്തിൽ ഇ എം എസ് സാഹിത്യകാര്യത്തിൽ മാർക്സിസ്റ്റ് കാഴ്ചപ്പാട് പഠിച്ചത് മാക്സിം ഗോർക്കിയിൽനിന്നാണ്. നമ്പൂതിരിപ്പാട് രണ്ടു രണ്ടര ദശകമെങ്കിലും ഈ ഗോർക്കി സിദ്ധാന്തം യാതൊരു ചെടിപ്പും കൂടാതെ ഒരേ ഈണത്തിലെങ്കിലും പരിഹാസ്യമായ വൈരുദ്ധ്യങ്ങളോടെ ചൊല്ലിനടന്നതു കാണുന്നു. തനിക്ക് മാർക്സിസ്റ്റ് സ ൌന്ദര്യ ശാസ്ത്രം വെറും രണ്ടു ലേഖനങ്ങളിലൂടെ വിളമ്പിത്തന്ന ഗോർക്കിയെ ഇദ്ദേഹം പരിചയപ്പെടുന്നതോ എഴുപതുകളുടെ തുടക്കത്തിലോ മറ്റോ ആയിരിക്കണം! അക്കാലം മുതലാണ് ഇദ്ദേഹം ഗോർക്കിയെ തന്നിഷ്ടപ്രകാരം വളച്ചുംതിരിച്ചും മുറിച്ചുംതറിച്ചും അക്കമിട്ടും അല്ലാതെയും ഉദ്ധരിച്ചു കാണുന്നത്.

ഇനി ഇ എം എസ്സിന്റെ മാർക്സിസ്റ്റ് ദാർശനികനായ മാക്സിം ഗോർക്കി ആരെന്നു നോക്കാം. ഗോർക്കി മാർക്സിസ്റ്റ് ദാർശനികനാണെന്നത് ഇ എം എസ്സിന്റെ സ്വന്തം കണ്ടുപിടിത്തമാണ്. ഉളുപ്പില്ലാത്ത വിവരക്കേട്. അതു പരിഗണനയർഹിക്കാതെ തള്ളിക്കളയേണ്ടുന്ന കാര്യമാണ്. കാരണം തന്റെ കൃതികളിലെവിടെയും ഗോർക്കി മാർക്സിസ്റ്റ് തത്ത്വവിചിന്തനം നടത്തിയതായി കേട്ടിട്ടില്ല. അങ്ങനെ ചെയ്തതായി ഇ എം എസ്സിനും പറയാനില്ല. ഇദ്ദേഹം എത്രമാത്രം കമ്യൂണിസ്റ്റായിരുന്നു എന്നതു തന്നെ തർക്കവിഷയമാണ്. ഏതായാലും പലഘട്ടങ്ങളിലും കടുത്ത ബോൾഷെവിക് വിരുദ്ധത ഇദ്ദേഹം പ്രദർശിപ്പിച്ചു. എന്നുമാത്രമല്ല ഇ എം എസ് മനഃപാഠമാക്കി ആവർത്തിച്ച് ഉദ്ധരിക്കുന്ന ഗോർക്കി സിദ്ധാന്തങ്ങളിലെ പല ഭാഗങ്ങളും മാർക്സിസ്റ്റ് വിരുദ്ധമാണ്. അതിന്റെ പേരിൽ പ്ലെഹനോവ് അദ്ദേഹത്തെ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തിട്ടുണ്ട്.( ON THE SO-CALLED RELIGIOUS SEEKINGS IN RUSSIA, 1909, Selected Philosophical Works, Vol. III, pp 367-379, 1976, Progress Publishers) ലെനിൻ വിരോധം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ കത്ത് ഉദാഹരണം. ഇ എം എസ് ഗോർക്കിയുടേതായി ഉദ്ധരിക്കുന്ന കാര്യങ്ങൾ മിക്കതും അദ്ദേഹത്തിന്റെ സ്വന്തവുമായിരുന്നില്ല. റഷ്യയിൽ അക്കാലത്ത് ഫാഷനായിരുന്ന ഒരു പുതിയ 'മത'വുമായിട്ടാണ് ഇ എം എസ് ഉദ്ധരിക്കുന്ന കാര്യങ്ങൾക്ക് മാർക്സിസത്തോടുള്ളതിനെക്കാൾ ബന്ധം. മതത്തെയും മാർക്സിസത്തെയും സംശ്ലേഷിപ്പിക്കാൻ തുനിഞ്ഞ "god building" എന്ന ആശയത്തിന്റെ പ്രചാരകനായിരുന്നു ഗോർക്കി.

അല്ലെങ്കിൽ ഈ 'പുസ്തക'ത്തിൽനിന്ന് ഇ എം എസ്സിനു കിട്ടുന്നതെന്താണ്? എന്താണെന്നു പറയുക എളുപ്പമല്ല. കാരണം അക്കമിട്ടു പറയുന്നത് ഒരിടത്ത് ഒരുതരത്തിലും വേറൊരിടത്ത് വേറൊരു തരത്തിലുമാണ്. പ്രബന്ധങ്ങൾ 272-275 പേജുകളിൽ കാണുന്നതും 196-202 പേജുകളിൽ കാണുന്നതും *വ്യക്തിത്വത്തിന്റെ ശിഥിലീകരണം* എന്ന ഒറ്റ ലേഖനത്തെ പരാവർത്തനം ചെയ്തതാണെന്നു വിശ്വസിക്കാൻ പ്രയാസമാവും. പേജുകളുടെ സ്കേൻ പരിശോധിക്കുക.

272-275 പേജുകളിൽ (*മലയാള നിരൂപണത്തിൽ മാർക്സിസത്തിന്റെ സ്വാധീനം* എന്ന പേരിലുള്ള ലേഖനത്തിൽ/പ്രഭാഷണത്തിൽ നിന്ന്) കാണുന്നത്:



ഇനി 196-202 (*മാർക്സിസവും സൌന്ദര്യശാസ്ത്രവും* എന്ന ലേഖനത്തിൽനിന്നുള്ള ഭാഗം)





ഒരു കൃതിയിൽനിന്ന് ഉദ്ധരിക്കുമ്പോൾ കാണിക്കേണ്ട അടിസ്ഥാന മര്യാദ ഇ എം എസിന് അറിയില്ല. ഇതിനുള്ള ഉദാഹരണങ്ങൾ പ്രസംഗങ്ങളിലും പ്രബന്ധങ്ങളിലും ഉടനീളം കാണാം. താൻ പറയുന്നതെന്ത്, ഉദ്ധരിക്കുന്നതെന്ത്

എന്നു വേർതിരിക്കാതെ രണ്ടും കൂട്ടിക്കുഴച്ച് അവതരിപ്പിക്കുന്നത് വളച്ചൊടിക്കാനുള്ള സൗകര്യത്തിനല്ലേ എന്നു ന്യായമായും സംശയിക്കാം. ഒരുദാഹരണം ഇതാ:

എന്നാൽ മതവും അതിന്റെ സൃഷ്ടിയായ ദൈവവും പിന്നീട് മർദ്ദനത്തിനുള്ള ഉപകരണമായി തീർന്നു; അതിനെതിരായും മനുഷ്യനു പോരാടേണ്ടിവന്നു. മതത്തിന്റെ സൃഷ്ടിയിലെന്നപോലെ തന്നെ ഒരിക്കൽക്കൂടി സമൂഹം ഒന്നടങ്കമായി, ഇത്തവണ ദൈവത്തിനെതിരായ പോരാട്ടത്തിന്റെ ഒരു പ്രതിബിംബം സൃഷ്ടിച്ചു:

'മനുഷ്യനും ദൈവങ്ങളും തമ്മിലുണ്ടായ സംഘർഷം മനുഷ്യരാശിയുടെ പ്രതിഭയുടെ ഉജ്വലപ്രതീകമായ പ്രൊമിത്യൂസിനെ അവതരിപ്പിച്ചു. [...]'

ഇങ്ങനെ മർദ്ദനോപകരണമായതിനെപ്പറ്റിയൊന്നും ഗോർക്കിയുടെ ലേഖനത്തിലില്ല. ഇതൊക്കെ ഇ എം എസ് കൂട്ടിച്ചേർത്തതാണ്. ഇത്തരം വ്യാജമായ ഉദ്ധരണികൾ ഇ എം എസ് ശിഷ്യഗണങ്ങൾക്കു പ്രശ്നമാവില്ലായിരിക്കാം. ("അങ്ങിനൊരു പ്രസ്ഥാവന ഗോർക്കി നടത്തിയിട്ടുണ്ടെന്നതിൽ തർക്കമില്ലാത്ത സ്ഥിതിക്ക് എപ്പോൾ എന്ന കാര്യം മാത്രം വച്ചു ഈ എമ്മിനു വിവരമില്ലെന്നു പറയുന്നത് കാര്യമായിട്ടെടുക്കുന്നില്ല" എന്നു പുലമ്പുന്ന *സഗാവി*നെപ്പോലുള്ളവർക്ക്.) എന്നാൽ ബൗദ്ധിക വ്യവഹാരങ്ങളിൽ ഇത് അക്ഷന്തവ്യമായ നെറികേടാണ്. ഗോർക്കിയെ ഉദ്ധരിച്ച് ഉദ്ധരിച്ച് ഒരു ചാട്ടം ചാടുന്ന ഇ എം എസ് പിന്നീട് അതേ ലേഖനത്തിൽനിന്നെന്ന പോലെ യാതൊരു മാറ്റവും സൂചിപ്പിക്കാതെ ഉദ്ധരിക്കുന്നത് ഇരുപതിലധികം വർഷം പിന്നീട് ഗോർക്കി എഴുതിയ ലേഖനത്തിൽനിന്നാണ്. (പ്രബന്ധങ്ങൾ, 200, സ്കേൻ ചെയ്ത പേജുകൾ കാണുക) അതിൽ ഹിറ്റ്ലറും മുസോളിനിയും സാംസ്കാരിക നായകരുമൊക്കെ വരുന്നുണ്ട്. ചുരുക്കത്തിൽ ഇ എം എസിന് അറിഞ്ഞുകൂടാ *വ്യക്തിത്വത്തിന്റെ ശിഥിലീകരണം* 1909-ൽ എഴുതിയ ലേഖനമാണെന്നും അക്കാലത്ത് ഗോർക്കി god building ൽ വ്യാപൃതനായിരുന്നെന്നും. (വ്യാജമായ ഉദ്ധരണികൾ ഇ എം സ് കൃതികളുടെ മുഖമുദ്രയാണ്. അതിനെപ്പറ്റി കുറച്ചേറെ ഉദാഹരണങ്ങൾ നിരത്താനുണ്ട്. അതു മറ്റൊരു പോസ്റ്റായി പിന്നീടു പ്രസിദ്ധീകരിക്കും.)



മതം, കല എന്നിവയുടെ ഉദ്ഭവത്തെപ്പറ്റി ഇ എം എസ്സ് പഠിച്ചത് ഗോർക്കിയിൽനിന്നാവാം. പക്ഷേ ഈ വക കാര്യങ്ങളെപ്പറ്റി മാർക്സിസ്റ്റു സിദ്ധാന്ത ചർച്ചയിൽ ഗോർക്കിക്ക് ഒരു സ്ഥാനവുമില്ല. ഇ എം എസ്സിനു വിവരമില്ലാത്തതുകൊണ്ട് ഈ വിഷയത്തിൽ ധാരാളമായി രചനകൾ നടത്തിയ പ്ലെഹനോവിനെപ്പോലും പരിചയിച്ചില്ല. പകരം ഗോർക്കിയുടെ അഴുകൊഴമ്പൻ വർത്തമാനംകൊണ്ടു തൃപ്തിപ്പെടുന്നു.


'എന്നാൽ, മതവും അതിൻെറ സൃഷ്ടിയായ ദൈവവും പിന്നീട് മർദ്ദനത്തിനുള്ള ഉപകരണമായിത്തീർന്നു; അതിനെതിരായും മനുഷ്യനു പോരാടേണ്ടിവന്നു. മതത്തിൻെറ സൃഷ്ടിയിലെന്നപോലെതന്നെ, ഒരിക്കൽക്കൂടി സമൂഹം ഒന്നടങ്കമായി, ഇത്തവണ ദൈവത്തിനെതിരായ പോരാട്ടത്തിൻെറ ഒരു പ്രതിബിംബം സൃഷ്ടിച്ചു:

'മനുഷ്യനും ദൈവങ്ങളും തമ്മിലുണ്ടായ സംഘർഷം മനുഷ്യരാശിയുടെ പ്രതിഭയുടെ ഉജ്ജ്വലപ്രതീകമായ പ്രൊമിത്യൂസിനെ അവതരിപ്പിച്ചു. അതുവഴി ജനങ്ങളുടെ സർഗചേതന വിശ്വാസപ്രതീകങ്ങളുടെ ഉദാത്തമേഖലകളിലേക്കു പറന്നുയർന്നു. കാരണം, ഈ പ്രതീകത്തിൽ അവരുടെ ഉന്നതാഭിലാഷങ്ങളും ദൈവവുമായുള്ള തുല്യതാബോധവും പ്രതിഫലിച്ചു.'

വ്യാജമായ ഉദ്ധരണിയുടെ പ്രശ്നം ഒരു വശത്ത്. ഉദ്ധരണിയുടെ നിരർത്ഥകത വേറൊരു വശത്ത്. മർദ്ദനോപകരണത്തെപ്പറ്റിയൊന്നും ഗോർക്കി പറയുന്നില്ല. അതിനെപ്പറ്റി ഈ കുറിപ്പിൽ മറ്റൊരിടത്തു കാണാം. (മേലെക്കാണുന്ന പ്രകാരം "മനുഷ്യനും ദൈവങ്ങളും തമ്മിലുണ്ടായ സംഘർഷം [...] അവതരിപ്പിച്ച"

പ്രൊമിത്യൂസ് മറ്റൊരിടത്ത് പ്രകൃതി പ്രതിഭാസങ്ങളോടേറ്റു മുട്ടിയ മനുഷ്യന്റെ ഭാവനയുടെ സൃഷ്ടിയായി മാറുന്നു.



ഇതൊരു  വലിയ അന്തരമാണോ എന്നു കൊഴണാശ്ശേരിക്കാരൻ  സഗാവ് ചോദിക്കുന്നത് എനിക്കു കാണാം. മനുഷ്യനും പ്രകൃതിയും, മനുഷ്യനും ദൈവങ്ങളും തമ്മിൽ  എന്നൊക്കെ സംഘട്ടനത്തെ ഘട്ടംഘട്ടമായി വേർതിരിച്ചു പറയുന്നത് നമ്പൂതിരിപ്പാടു തന്നെയാണ്.)

ഇ എം എസ് ഭക്തിയോടെ രണ്ടുരണ്ടര രദശകത്തോളമെങ്കിലും ഉദ്ധരിച്ചുകൊണ്ടു നടന്ന ഈ പ്രബന്ധത്തെപ്പറ്റി കുറച്ചുകൂടി പറയേണ്ടതുണ്ട്. മാക്സിം ഗോർക്കിയുടെ Collected Works (Progress Publishers, Moscow1978-1982) പത്താം വാല്യത്തിൽ  അറുപതു പേജോളം വരുന്ന ഈ ലേഖനത്തിന്റെ രണ്ടുഭാഗങ്ങളിൽ  ആദ്യഭാഗത്തുനിന്നു (ആദ്യത്തെ വെറും 15 പേജുകൾ) മാത്രമാണ് ഇ എം എസ് എക്കാലത്തും ഉദ്ധരിച്ചിരിക്കുന്നത്. ഇന്ത്യയിലെ എല്ലാ കമ്യൂണിസ്റ്റുകാർക്കും ഇദ്ദേഹം ശിപാർശചെയ്ത ഈ ലേഖനത്തിന്റെ ബാക്കി ഭാഗം ഇങ്ങോർ  വായിച്ചില്ലേ? കുറ്റം പറയരുതല്ലോ, സംഗതി അറുവഷളാണ്, അറുബോറാണ്. വായിക്കാൻ  കൊള്ളില്ല. ആദ്യഭാഗത്ത് കുറച്ച് അഴുകൊഴമ്പൻ  നരവംശശാസ്ത്രമിശ്രണമുണ്ട്. അത്രയും ഭാഗം വായിച്ചാൽ  ഇങ്ങോർ  എന്തെങ്കിലുമൊക്കെ പറയുന്നെന്നു തോന്നും. ബാക്കി കുറെ Philistinismത്തിനെതിരായ നിഴൽയുദ്ധവും മുക്കാൽഭാഗവും വെറും പ്രാദേശികകാര്യങ്ങളുമാണ് .   വെറുമൊരു പരട്ട പ്രബന്ധമാണ് നമ്പൂതിരിപ്പാട് വെച്ചുപൂജിക്കുന്നത്. scholarly ആയ യാതൊന്നും അതിലില്ല. ഇതറിയണമെങ്കിൽ പ്ലെഹനോവിന്റെ ഏതെങ്കിലും സാഹിത്യ സംബന്ധിയായ ലേഖനം വായിച്ചാൽ  മതി. പ്ലെഹനോവിന്റെ പേരു പറയാൻ  പ്രത്യേക കാരണമുണ്ട്. സാഹിത്യം, കല എന്നീ വിഷയങ്ങളിൽ  അദ്ദേഹത്തിനുണ്ടായിരുന്ന സവിശേഷമായ ശ്രദ്ധയാണ് ആ കാരണം. primitive art,  സാഹിത്യം കല എന്നിവയുടെ ഉദ്ഭവം ഇതിലൊക്കെ അദ്ദേഹത്തിനു വലിയ താത്പര്യവും പാണ്ഡിത്യവുമുണ്ടായിരുന്നു. ഈ വിഷയങ്ങളിൽ  ആദ്യകാല മാർക്സിസ്റ്റ് നിലപാട് വിശദമാക്കാൻ  ഇദ്ദേഹമാണ് സാധാരണമായി ഉദ്ധരിക്കപ്പെടുന്നത് അല്ലാതെ ഇ എം എസ് ഉദ്ധരിക്കുംപോലെ ഗോർക്കിയല്ല. പ്ലെഹനോവ് ഈ വിഷയങ്ങൾ  പറയുമ്പോൾ  ഗോർക്കി ചെയ്യുംപോലെ യാതൊരു അടിസ്ഥാനവുമില്ലാതെ ഊഹാപോഹങ്ങൾ  നടത്തുകയല്ല ചെയ്യാറ്. പറയുന്നത് ശരിയായാലും തെറ്റായാലും അക്കാലത്തെ പ്രമുഖ നരവംശശാസ്ത്ര കൃതികളിൽനിന്ന് സമൃദ്ധമായി അദ്ദേഹം ഉദ്ധരണികൾ നിരത്തും. അവയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം സിദ്ധാന്തം ചമയ്ക്കുന്നത്. അദ്ദേഹത്തിനു സിദ്ധാന്തവേല അറിയാമായിരുന്നു. ഗോർക്കിക്ക് ഈ വേല ഒട്ടും അറിയില്ലായിരുന്നു. (അറിയാമായിരുന്നെന്ന് ഇ എം എസ് ഒഴികെ ആരും പറഞ്ഞുകേട്ടിട്ടുമില്ല.) ഗോർക്കി ഒരു നോവലിൽ  സിദ്ധാന്തവേലയ്ക്കു ശ്രമിച്ചപ്പോൾതന്നെ അതിനെ വിമർശിച്ചുകൊണ്ട് പ്ലെഹനോവ് എഴുതിയത് ഇവിടെ പ്രസക്തമായിരിക്കും.

Maxim Gorky is a remarkable and brilliant artist. But even artists of genius are frequently utterly helpless in the domain of theory. There is no need to go far for examples: Gogol, Dostoievsky, Tolstoy, these giants in the field of literary creation revealed infantile weakness every time they took up some abstract question. Belinsky often said that artists' minds went into their talents. There are not

many exceptions to this rule. In any case, M. Gorky is not one of them. ( ON THE SO-CALLED RELIGIOUS SEEKINGS IN RUSSIA, 1909, Selected Philosophical Works, Vol. III, p 367, 1976, Progress Publishers)

ഗോർക്കി അവസാനകാലം വരെ കൊണ്ടുനടന്ന hero worship ആണ് ഇ എം എസ് ഉദ്ധരിക്കുന്ന ലേഖനത്തിലും നിറഞ്ഞുനിൽക്കുന്നത്. സാഹിത്യത്തിന്റെയും കലയുടെയും ആരംഭം വളർച്ച എന്നിവയെ ചരിത്രപരമായ ഭൗതികവാദത്തിന്റെ വെളിച്ചത്തിൽ (ഇരുട്ടിലായാലും ഈ ബ്ലോഗെർക്ക് ഒരു ചുക്കുമില്ല) കാണുന്നതല്ല ഗോർക്കിയുടെ പുലമ്പലുകൾ. വ്യക്തമായ ചരിത്രബന്ധമില്ലാതെ വ്യക്തിയെയും വ്യക്തിത്വത്തെയും പറ്റി പറയുന്ന ഗോർക്കി മാർക്സിസ്റ്റു കാഴ്ചപ്പാടിനു വിരുദ്ധമായ കാര്യങ്ങളാണ് അവതരിപ്പിക്കുന്നത്. സ്വകാര്യസ്വത്ത് ഉണ്ടാവുന്നതിനും ചൂഷണവും മർദ്ദനവും ആരംഭിക്കുന്നതിനും മുമ്പുള്ള സുന്ദരമായ കാലത്തെപ്പറ്റി ഗോർക്കി മെനയുന്ന ഭാവനയ്ക്ക് മാർക്സിസവുമായി ബന്ധമില്ല. അടിമകൾ വേലചെയ്ത് കുറെപ്പേർക്ക് വെറുതെയിരുന്ന് തിന്ന് ഏമ്പക്കം വിടാൻ കഴിഞ്ഞപ്പോഴാണ് (ഇ എം എസ് ശൈലിയിൽ ഉദ്ധരിച്ചുനോക്കിയതാണ്, ക്ഷമിക്കണം) മനുഷ്യൻ തത്ത്വചിന്തയിൽ ഏർപ്പെട്ടു തുടങ്ങിയതെന്നു പറയുന്ന മാർക്സിന്റെ നിലപാട് (ആദ്യം അരിസ്റ്റോട്ട്ൽ പിന്നെ ഹെഗെൽ എന്നിവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ) എവിടെ, സ്വകാര്യസ്വത്തിന്റെ ഉദ്ഭവത്തോടെ ശിഥിലീകരണം ആരംഭിച്ച ഗോർക്കിയുടെ വ്യക്തി എവിടെ. പ്രൊമിത്യൂസിനെപ്പോലുള്ള നായകന്മാരെ സൃഷ്ടിച്ച മഹത്തായ ഭൂതകാലത്തെയോർത്ത് നെടുവീർപ്പിടുന്ന ഗോർക്കിയെയും പുരാതന ഗ്രീസിൽ ഇലിയഡ്, ഒഡീസി എന്നിവയെക്കാൾ മികച്ച കാവ്യങ്ങൾ ഉണ്ടായില്ലെന്നത് ചരിത്രപരമായ പുരോഗതിയിൽ അനിവാര്യമായി സംഭവിക്കുന്നതാണെന്നു കാര്യകാരണ ബന്ധത്തോടെ പറയുന്ന (this blogger doesn't give a damn if Plekhanov is right or not) പ്ലെഹനോവിനെയും (Historical Materialism and the Arts) താരതമ്യംചെയ്തുനോക്കാനുള്ള വിവരം മാക്സിം ഗോർക്കിയുടെ രണ്ടുലേഖനങ്ങൾ വായിച്ചപ്പോഴേക്കും മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിൽ പാരംഗതനായിപ്പോയ ഇ എം എസ്സിനുണ്ടായില്ല. ഈ വിഷയത്തിൽ പ്ലെഹനോവിന്റെ വളരെ പ്രശസ്ത ലേഖനമായ Art and Social Life പ്രോഗ്രസ് പബ്ലിഷേർസ് കൊച്ചുപുസ്തകമായി അച്ചടിച്ച് ചവറുപോലെ വിതരണം ചെയ്തത് ഒന്നുമറിച്ചു നോക്കാനുള്ള കഴിവുപോലും ഈ മഹാചിന്തകനുണ്ടായില്ലല്ലോ.

അറുപതുകളിൽ പ്ലെഹനോവ്, ക്രിസ്റ്റഫർ കാഡ്വെൽ എന്നിവരെപ്പറ്റി ആത്മവിശ്വാസത്തോടെ പരാമർശിക്കുകയും ലുക്കാച്ചിനെക്കുറിച്ചു ദീർഘമായി ഉപന്യസിക്കുകയും ചെയ്യുന്നുണ്ട് ജോസഫ് മുണ്ടശ്ശേരി. അറുപതുകളിൽ കേരളത്തിൽ ഉണ്ടായ ബൗദ്ധിക അന്തരീക്ഷംപോലും ഉൾക്കൊള്ളാനും ആനുപാതികമായി വികസിക്കാനും തൊണ്ണൂറുകളിൽ പോലും പ്രാപ്തി നേടാത്ത ഇ എം എസ് എന്ന മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രജ്ഞനെപ്പറ്റിയാണ് നമ്മൾ പറയുന്നത്! അതും ഇ എം എസ്സിന് അറിവില്ലാത്ത വിഷയങ്ങളുമായി ബന്ധപ്പെട്ടല്ല, ഒട്ടും അറിവില്ലാതിരുന്നിട്ടും പണ്ഡിതനെന്ന ഭാവത്തോടെ ഇദ്ദേഹം സമീപിച്ച് വിഷയങ്ങളുമായി ബന്ധപ്പെട്ട്!

ഇ എം എസ് ഭക്തർക്കുവേണ്ടി ചുരുക്കിപ്പറഞ്ഞാൽ,

മലയാള സാഹിത്യരംഗത്തെയാകെ സ്വാധീനിച്ച ചർച്ചകളിൽ മാർക്സിസ്റ്റ് പക്ഷം പറഞ്ഞ ഇ എം എസ് പിന്നീട് തനിക്ക് സാഹിത്യവിഷയത്തിൽ വേണ്ടത്ര അറിവില്ലായിരുന്നെന്ന് സമ്മതിക്കുന്നു. ഈ വിഷയത്തിൽ പിന്നീട് തനിക്ക് അറിവുതന്നത് ഉറച്ച മാർക്സിസ്റ്റ് ചിന്തകനായ മാക്സിം ഗോർക്കിയാണെന്ന് അദ്ദേഹം പറയുന്നു. ഗോർക്കിയുടെ വ്യക്തിത്വത്തിന്റെ ശിഥിലീകരണം എന്ന പ്രബന്ധമാണ് അദ്ദേഹം മാർക്സിസ്റ്റ് സാഹിത്യവീക്ഷണത്തെപ്പറ്റി പറയുമ്പോൾ ആവർത്തിച്ചുദ്ധരിക്കുന്നത്, ഏതാണ്ട് ജീവിതത്തിന്റെ അവസാനകാലം വരെ ഇദ്ദേഹം ഇതു തുടർന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും കമ്യൂണിസ്റ്റുകാരോട് സ്വന്തം ഭാഷയിലേക്ക് പരിഭാഷ ചെയ്യാൻ ശിപാർശചെയ്യുമാറ് ഇത് അദ്ദേഹത്തെ ആവേശഭരിതനാക്കി.

ഈ ബ്ലോഗെർ പറയുന്നത്:

ഗോർക്കി മാർക്സിസ്റ്റു ചിന്തകനല്ല, ആണെന്നു പറയുന്നത് നാലാംകിട വിവരക്കേടാണ്.

ഗോർക്കിയുടെ വ്യക്തിത്വത്തിന്റെ ശിഥിലീകരണം മാർക്സിസ്റ്റവിരുദ്ധമായ വീക്ഷണങ്ങൾ നിറഞ്ഞ പരട്ടപ്രബന്ധമാണ്.

ഗോർക്കി മാർക്സിസ്റ്റ് ദാർശനികനാണെന്നും വിചാരിച്ച് ഈ പ്രബന്ധത്തിൽനിന്ന് രണ്ടുരണ്ടരദശകക്കാലം സി പി എമ്മുകാർക്ക് വിജ്ഞാനം വിളമ്പിനടന്ന ദേഹം മാർക്സിസ്റ്റ് സൈദ്ധാന്തികനല്ല, മാർക്സിസ്റ്റു ചിന്തയുടെ മേഖലയിൽ വെറുമൊരു കോമാളിയാണ്. ഈ പ്രബന്ധത്തെ അടിസ്ഥാനമാക്കിയും അതിൽനിന്ന് വിപുലമായി ഉദ്ധരിച്ചും ഇദ്ദേഹം എഴുതിയ ലേഖനങ്ങൾ വ്യാജഉദ്ധരണികളുടെ സമൃദ്ധികൊണ്ട് ഇദ്ദേഹത്തിന്റെ intellectual integrityയെ ചോദ്യംചെയ്യുന്നു.

ഈ ബ്ലോഗെർക്ക് ഇഷ്ടമുള്ള എഴുത്തുകാരനാണ് ഗോർക്കി . അമ്മയുടെ കർത്താവ് എന്ന നിലയ്ക്കല്ല. ആത്മകഥയുടെ സ്വഭാവമുള്ള നോവൽ ത്രയത്തിന്റെയും ഒന്നാന്തരം കഥകളുടെയും പേരിൽ. ഒരു കാലത്തും ഒരു സാഹിത്യകാരനും നേടിയിരിക്കാനിടയില്ലാത്തത്ര സമ്പന്നമായ ജീവിതാനുഭവങ്ങൾ കൈമുതലായുണ്ടായിരുന്ന ഗോർക്കിയെ സ്റ്റാലിനിസ്റ്റ് അശ്ലീലമായ ഒരു പീറ സിദ്ധാന്തത്തിന്റെ പിന്നിൽ കൊണ്ടുപോയി കെട്ടി നിരക്ഷരകുക്ഷികളായ കൊഴണാശ്ശേരിയിലെ സഗാക്കൾ.

ഇ എം എസ്സും കോപ്പും തുടരും, (മൂന്നാംഭാഗം ഏഷ്യാറ്റിക് സൊസൈറ്റിയും ഇ എം എസ്സും)